
മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജ്,
അങ്കമാലി
മൃത്തിക
മാതൃഭൂമി സീഡ് ക്ലബ് ഡിജിറ്റൽ മാഗസിൻ
ജൂലൈ 2021



ആരോഗ്യ സംരക്ഷണത്തിനും
മെച്ചപ്പെട്ട പ്രതിരോധശേഷി
ആർജ്ജിക്കാനുമുള്ള
മാർഗ്ഗങ്ങൾ തേടുകയാണ്
മനുഷ്യകുലം. നമുക്ക് ചുറ്റുമുള്ള
ജീവജാലങ്ങളെ നിരീക്ഷിക്കുകയാണ്
ആദ്യ ചുവട്.
കഴിയുന്നത്ര വൈവിദ്ധ്യമാർന്ന
ഒരു ആവാസവ്യവസ്ഥ നമ്മുടെ
ഭവനങ്ങൾക്ക് ചുറ്റും സൃഷ്ടിക്കാം.
ഔഷധ സസ്യങ്ങൾ,പൂച്ചെടികൾ,
ഫലവൃക്ഷങ്ങൾ,വനവൃക്ഷങ്ങൾ,
തണൽമരങ്ങൾ,തുമ്പികൾ,
ശലഭങ്ങൾ, പക്ഷികൾ,
വണ്ടുകൾ,മത്സ്യങ്ങൾ,....
അങ്ങനെ ലക്ഷക്കണെക്കിന്
ജീവികൾക്കായി നമുക്ക്
പാർപ്പിടമൊരുക്കാം.
അവർക്കായികുടിനീരും
ഭക്ഷണവും സമൃദ്ധമായി
ലഭിക്കുന്ന ഇടങ്ങൾ. നിറയെ
മണ്ണിരകളും സൂക്ഷ്മജീവികളുമുള്ള മണ്ണ്.
നഗ്ന പാദരായി
ഭൂമിദേവിയെ നോവിക്കാതെ...

- ശ്രീ മനോജ് എടവനക്കാട്
പരിസ്ഥിതി പ്രവർത്തകൻ

# ഉള്ളടക്കം


- കേരളം അറിയാൻ
- കാട്ടിലെക്കാര്യം
- ചിറകുള്ള ചങ്ങാതിമാർ
- ഫോട്ടോ ഗ്യാലറി
- കൃഷിക്കാര്യം
- സിനിമ പാട്ടിലെ പ്രകൃതി
- ഇതാണ് അതിശയം
- തെറ്റ് × ശരി
- ലോകം എങ്ങനെ
- പൂവറിവ്
- വർണ്ണചിറക്

# കേരളം അറിയാൻ

പലതുള്ളി പെരുവെള്ളം
ആ തുള്ളികളത്രമേൽ സൂത്രമുണ്ടായിരുന്നത്രെ,
പരിശുദ്ധി നിലനിർത്താനാവുമത്രെ.
പക്ഷെ മണ്ണിനെ മറന്ന മനുഷ്യനാൽ
പ്രകൃതി ചൂഷണത്തിനിരയായി. തോരാമഴയും,
വെള്ളപ്പൊക്കവും, പ്രളയവുമായി, നെഞ്ചുപൊട്ടി
കണ്ണീരൊഴുക്കി അവൾ ക്ഷോഭിച്ചു. കാലം
കൈവരിച്ച നേട്ടങ്ങൾ പ്രകൃതിയുടെ
കോട്ടങ്ങളായി മാറവെ പ്രകൃതി പണിതൊരു
പച്ചപരവതാനിക്കുമേൽ നട്ടൊരു വൻകൂട്ടം
കെട്ടിടങ്ങൾ. പ്രകൃതിയുടെ രോദനവും,
ക്ഷോഭവും ആറിത്തണുക്കാൻ മഹാമാരിതന്നെ
പെയ്തേക്കാം. ആർത്തിപൂണ്ട മനുഷ്യനാൽ
കെട്ടിപൊക്കിയതൊക്കെ, പ്രകൃതിയാൽ
മുക്കുന്നു. ഓരോ തുള്ളികളും മനുഷ്യന്
വെടിയുണ്ടയായി മാറിയിരിക്കുന്നു. കേരളം
നേരിടാനുള്ളതിലൊന്നുമാത്രം ഇതു.

- അനഘ രാധാകൃഷ്ണൻ
III B.Sc. FCS

# കാട്ടിലെക്കാര്യം

## മഴക്കാടുകൾ

കാടുകൾ പലതുണ്ട്, അതിൽത്തന്നെയും ഏറ്റവും പ്രാധാന്യം
അർഹിക്കുന്ന ഒരു വിഭാഗം കാടുകളാണ് മഴക്കാടുകൾ
അഥവാ നിത്യ ഹരിത വനങ്ങൾ.
അപൂർവ്വങ്ങളായ സസ്യങ്ങളും, ജന്തുക്കളും
ഏറ്റവും കൂടുതൽ കാണപ്പെടുന്നതും മഴക്കാടുകളിലാണ്.

ആമസോൺ മഴക്കാടുകൾ ആണ് ലോകത്തിലെ
ഏറ്റവും വലിയ മഴക്കാടുകൾ. ഉയർന്ന തോതിലുള്ള മഴ, ഈർപ്പം
എന്നിവ ഇവിടുത്തെ പ്രത്യേകതകളാണ്.
ലക്ഷക്കണക്കിന് ജീവി വിഭാഗങ്ങൾ ഇവിടെയുണ്ട്.
പലതിനേയും ശാസ്ത്രലോകം ഇന്നും തിരിച്ചറിഞ്ഞിട്ടില്ല.

- നിത്യ സത്യൻ
II B.Com

# ചിറകുള്ള ചങ്ങാതിമാർ

ജന്തുലോകത്തിലെ ഏറ്റവും വലിയ ഫൈലമായ ആർത്രോപോഡയിലെ ഇൻസെക്റ്റാ എന്ന വിഭാഗത്തിൽ ലെപിഡോപ്റ്റീറ എന്ന ഗോത്രത്തിലാണ് ചിത്രശലഭങ്ങൾ വരുന്നത്.

ശാന്ത മഹാസമുദ്രത്തിലെ ന്യൂഗിനി ദ്വീപുകളിൽ കാണപ്പെടുന്ന ക്വീൻ അലക്സാൻഡ്രാ ബേഡ് വിങ്ങ് ചിത്രശലഭമാണ് കണ്ടെത്തിയിട്ടുള്ള ചിത്രശലഭങ്ങളിൽ ഏറ്റവും വലുതെന്ന് കരുതപ്പെടുന്നു. വിടർത്തിവച്ച ചിറകുകളുടെ ഒരറ്റം മുതൽ അടുത്ത അറ്റം വരെ 28 സെ. മീ ആയിരിക്കും ഇവയ്ക്കുണ്ടാവുക. ഇവയുടെ ഏറ്റവും അടുത്ത ബന്ധുക്കളായ ഗരുഡശലഭങ്ങളാണ് ഇന്ത്യയിൽ കാണപ്പെടുന്ന പൂമ്പാറ്റകളിൽ വച്ച് ഏറ്റവും വലുത്. ഇവയുടെ ചിറകളവ് 140 മുതൽ 190 വരെ മില്ലീമീറ്ററുകൾ വരും. 15 മുതൽ 22 മില്ലീമീറ്റർ മാത്രം ചിറകളവ് വരുന്ന രത്നനീലി ശലഭമാണ് ഇന്ത്യയിലെ ഏറ്റവും ചെറിയ ചിത്രശലഭം.

കിഴക്കെ ആഫ്രിക്കയിൽ കണ്ടുവരുന്ന ഡാർഫ് ചിത്രശലഭം ഏറ്റവും ചെറുതെന്നും കരുതപ്പെടുന്നു. വെറും പത്തുമില്ലിഗ്രാം ഭാരമുള്ള ഇവയുടെ ചിറകറ്റങ്ങൾ തമ്മിലുള്ള അകലം 14 മില്ലീമീറ്റർ മാത്രമാണ്. 5 ദിവസം മാത്രമാണ് ഇവയുടെ ജീവിതകാലയളവ്.

- കൃഷ്ണേന്ദു സജീവൻ
II B.sc. Chemistry



# ഓർമ്മകളിലെ നനയാത്ത കടലാസുവഞ്ചികൾ....

റിയ ബാവച്ചൻ
II B.Sc Zoology

# കൃഷിക്കാര്യം

കൺനിറയെ പച്ചപ്പ് കാണുക
എന്നത് ഇന്നലകളിലേക്കുള്ള
തിരിച്ചുപോക്കാണ്, പലർക്കും.
അതുകൊണ്ടതന്നെയാണ് വീട്ടുവളപ്പിലെ
പച്ചപ്പിന് സൗന്ദര്യം കൂടുന്നതും.
വീട്ടുവളപ്പിലെ രണ്ടു സെന്റിലായാലും
ടെറസിന് മുകളിലായാലും അൽപം കൃഷിയാവാമെന്ന്
ഏറെപേർ ആഗ്രഹിക്കുന്നതിന്റെ പിന്നിലും
ഈ കാരണമുണ്ടായേക്കാം.
ശീമക്കൊന്നയും ചെമ്പരത്തിയും വീട്ടുവേലിക്കൽ
പിടിപ്പിക്കാൻ സാഹചര്യമില്ലെങ്കിലും
ഒരു ചെറിയ അടുക്കളത്തോട്ടമെങ്കിലും
വീട്ടിലുണ്ടാവാൻ നമ്മളിൽ പലരും ശ്രദ്ധിക്കാറുണ്ട്.
നാം നട്ടുവളർത്തിയ പച്ചക്കറി
പറിച്ചെടുത്ത് പാചകം ചെയ്ത് കഴിയുമ്പോൾ
അതിന്റെ സ്വാദൊന്ന് വേറേ !

നേഹ സിസിലി സിമ്മേതി
II B.Sc Chemistry

# സിനിമ പാട്ടിലെ പ്രകൃതി

ഓരോ ഇതളിലും ഇലയിലും
സൗന്ദര്യം നിറച്ചവൾ പ്രകൃതി.
നമ്മുടെ പ്രകൃതിയുടെ മനോഹാരിത
ചിത്രീകരിക്കാൻ സിനിമ പാട്ടുകൾക്ക്
കഴിഞ്ഞിട്ടുണ്ട്. ഇതിനുദാഹരണങ്ങൾ
ആണ് ഇളയരാജയുടെ
'അല്ലിയിളം പൂവോ ഇല്ലിയിളം തേനോ',
കെ. രാഘവൻ മാഷിന്റെ 'പൂങ്കാറ്റിനോടും',
കെ. ജെ യേശുദാസ് പാടിയ
ഇളയരാജയുടെ 'മലരണിക്കാടുകൾ തിങ്ങി വിങ്ങി'.
പ്രകൃതിയുടെ വർണചാരുത
കോർത്തിണക്കി ആലാപനമാധുര്യമാക്കുന്നു.
പ്രകൃതിയുടെ താരാട്ടുപാട്ടിൽ കുഞ്ഞിനെ
ഉറക്കുകയാണ് 'അല്ലിയിളം പൂവോ'
എന്ന ഗാനത്തിലൂടെ.
കാട്ടിലെ പാഴ്മുളം തണ്ടിൽ നിന്നും
പാട്ടിന്റെ പാലാഴി കടഞ്ഞെടുക്കുകയാണ്
യേശുദാസ് ഈ ഗാനത്തിലൂടെ.
ഒരു നേർത്ത തണുത്ത കാറ്റ്
വീശുന്നത് പോലെ പ്രണയത്തിന്റെയും
നന്മയുടെയും നിഷ്കളങ്കതയും
നിറഞ്ഞു നിൽക്കുന്ന ചേതോമനോഹരമായ
ഒരു ഗാനമാണ് 'പൂങ്കാറ്റിനോടും'.
പ്രകൃതിയുടെ വിവിധ വർണ്ണചിറകുകളെ
വാക്കുകളിലൂടെ കോർത്തിണക്കിയ
കവിതയാണ് ചങ്ങമ്പുഴയുടെ
മലരണിക്കാടുകൾ. പ്രകൃതിയായ
നമ്മുടെ അമ്മയെ സംരക്ഷിക്കേണ്ടത്
നാം ഓരോരുത്തരുടെയും കടമയാണ്.
ഹരിതമീ പ്രകൃതിതൻ ലാവണ്യ
ഗാത്രത്തിലുയിരുണ്ട്,
ഉടയോന്റെ താളമുണ്ട്.

- ഗായത്രി അനിൽ
II B.Sc Zoology

# ബെർമുഡ ട്രയാംഗിൾ



ചെകുത്താന്റെ ആവാസകേന്ദ്രമെന്ന്
പല സാഹസികന്മാരും വിശ്ലേഷിപ്പിക്കുന്ന
"ചെകുത്താന്റെ ത്രികോണം"
അഥവാ ബർമുഡ ത്രികോണ.
നിരവധി വിമാനങ്ങൾ,
യുദ്ധവിമാനങ്ങൾ, മുങ്ങിക്കപ്പലുകൾ
കപ്പലുകൾ എന്നു വേണ്ട
ബർമുഡ ട്രയാംഗിളിന് മുകളിൽ കൂടി
പറന്നതും സഞ്ചരിച്ചതുമെല്ലാം
എങ്ങോട്ടുപോയി എന്നുള്ള ചോദ്യത്തിന്
ഉത്തരം കിട്ടാതെ അവശേഷിക്കുന്നു.
നൂറ്റാണ്ടുകളായി യാത്രക്കാരിൽ
ഭീതിയുണർത്തി നിഗൂഢതകൾ
ഒളിഞ്ഞിരിക്കുന്ന അതിവിശാലമായ
കടലാഴിയാണിത്.

- സോനാ മിർസ ഹസ്സൻ
II B.Sc Chemistry

# തെറ്റ് ✕ ശരി

"ചീറ്റപ്പുലികൾ അലറില്ല, മരത്തിൽ കയറില്ല,
ഇരുട്ടത്ത് കാണാൻ സാധിക്കില്ല !

ഇതാണ് സത്യം,
ഇവ പുലികളുടെ പോലെ ഇരിക്കുന്നെങ്കിലും
അവയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്.
ചീറ്റപ്പുലികൾക്ക് പുലികളേപ്പോലെ അലറിക്കരയാൻ
സാധിക്കില്ല. അതുപോലെത്തന്നെ
ഇവയ്ക്കു മരത്തിൽ കയറാനുള്ള കഴിവും ഇല്ല.
രാത്രി സമയങ്ങളിൽ ചീറ്റപ്പുലികളുടെ
കാഴ്ച ശക്തി വളരെ കുറവായിരിക്കും,
അതിനാൽ ഇവയ്ക്കു രാത്രി സമയത്ത്
ഇര തേടാൻ കഴിയാറില്ല എന്നതാണ് സത്യം.

- അനഘ ബാബു

III B.Com

# ലോകം ശ്രദ്ധിക്കേണ്ട പ്രധാന പരിസ്ഥിതി പ്രശ്നം.

പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതാണ് പ്രധാന പരിസ്ഥിതി പ്രശ്നം.
ഉപയോഗശേഷം മാസ്കുകളും കയ്യുറകളും പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നത് മൂലം അനേകം രോഗബാധകൾ പടരുന്നു.
രോഗബാധകൾ ഇല്ലെങ്കിൽ കൂടിയും ഇവ 72 മണിക്കൂർ പേപ്പർ ബാഗിൽ സൂക്ഷിക്കണം, ശേഷം കത്തിച്ചു കളയാവുന്നതാണ്.
എത്രത്തോളം ശ്രദ്ധയോടാണോ നാം ഇവ ഉപയോഗിക്കുന്നത് അത്രത്തോളം കരുതലോടുകൂടി വേണം നാം ഇവയുടെ നിർമാർജനം നടത്താൻ.

- ജിബി ജോർജ്

III BSc Zoology

# റഫ്ലേഷ്യ

ലോകത്തിലെ ഏറ്റവും വലിയ പൂവ്
എന്നറിയപ്പെടുന്ന പൂവാണ് റഫ്ലേഷ്യ.
100 സെ. മി. വ്യാസമുള്ള റഫ്ലേഷ്യക്ക്
ഏകദേശം 15 കിലോ ഭാരം ഉണ്ടാവും.
ലോകത്തിലെ ഏറ്റവും കൂടുതൽ തേൻ
ഉൽപാദിപ്പിക്കുന്ന പുഷ്പം കൂടിയാണ് റഫ്ലേഷ്യ.
പൂർണ്ണവളർച്ചയെത്തിയ റഫ്ലേഷ്യയിൽ നിന്ന്
5 മുതൽ 6 കിലോ തേൻ വരെ ലഭിക്കും.
ഇവക്ക് ഇലയും തണ്ടും ഇല്ല.
പുഷ്പിച്ച് കഴിഞ്ഞാൽ റഫ്ലേഷ്യക്ക് അഴുകിയ
മാംസത്തിന്റെ ദുർഗന്ധം ആണു ഉണ്ടാവുക.
5 ഇതളുള്ള ഈ പുഷ്പം ഒരു പരാദ സസ്യമാണ്.
ഇന്തോനേഷ്യയിലെ മഴക്കാടുകളിൽ 1818 ൽ
തോമസ് സ്റ്റാംഫേഡ് റഫ്ളളക്സ് ആണ്
ഈ പുഷ്പം കണ്ടെത്തിയത്.
തെക്ക് കിഴക്കൻ ഏഷ്യൻ ദ്വീപുകളായ
ഇന്തോനേഷ്യ, മലേഷ്യ, തായ്‌ലൻഡ്,
ഫിലിപ്പീൻസ് എന്നിവിടങ്ങളിലാണ്
റഫ്ലേഷ്യ ധാരാളമായി കാണപ്പെടുന്നത്.

- ജിസ്ന ജോഷി
II BA Economics

# വർണ്ണ ചിറക്

## മഴ

ഓരോ മഴത്തുള്ളിയും പറയുന്നുണ്ടൊരുപാട് കഥകൾ...

മുളക്കുന്ന വിത്തിനും....
തളിർക്കുന്ന ഇലകൾക്കും..
പൂക്കുന്ന പൂവിനും..
കായ്ക്കുന്ന പഴത്തിനും..
സാക്ഷിയായതിൻ നേർസാക്ഷിയായ്
മാറിയതിൻ കഥകൾ...
അതിലുണ്ട് പ്രണയം...
അതിലുണ്ട് പരിഭവം...
അതിലുണ്ട് ദേഷ്യം....
അതിലുണ്ട് സങ്കടം...
അതിലുണ്ട് ജീവിതം...
ഇനിയുമിനിയും
പറയാനുണ്ടാമഴത്തുള്ളികൾക്ക്
കഥകളൊരുപാടൊരുപാട്

- ഷഹ്‌ല . പി
III B.Sc Zoology

# " ജീവിക്കാം പ്രകൃതിയെ നോവിക്കാതെ "




Morning Star Home Science College
Angamaly South P. O.
www.morningstar.edu.in

Mathrubhumi seed club
Coordinator
Dr. Teji K.T

Created by
Maneesha K T
III B.Sc. Zoology